# ഹാരിസൺ 50,000 ഏക്കർ കയ്യേറിയതായി കണ്ടെത്തി

**ഹാരിസൺസ്** മലയാളം ലിമിറ്റഡ് വിവിധ സ്ഥലങ്ങളിൽ 50,000 ത്തിലധികം ഏക്കർ സർക്കാർ ഭൂമി കൈയേറിയതായും വ്യാജരേഖ ചമച്ച് 8535 ഏക്കർ വിൽപന നടത്തിയതായും വിജിലൻസ് അന്വേഷണത്തിൽ കണ്ടെത്തിയതായി മന്ത്രി അടൂർ പ്രകാശ് നിയമസഭയിൽ അറിയിച്ചു. കൊല്ലം സബ്റജിസ്ട്രാർ ഓഫിസിലെ 1600/1923 നമ്പർ ആധാരവുമായി ബന്ധപ്പെട്ട് വ്യാജ രേഖ ചമച്ച് സർക്കാർ ഭൂമി ഹാരിസൺ കൈവശപ്പെടുത്തിയിട്ടുണ്ട്. ചെങ്കൽപേട്ട് സബ്രജിസ്ട്രാർ ഓഫിസിലെ 2804/1923, 2805/1923 നമ്പർ ആധാരങ്ങൾ പ്രകാരം 50,000 ഏക്കർ സർക്കാർ ഭൂമി ഹാരിസൺ കൈവശപ്പെടുത്തിയിട്ടുണ്ട്. ട്രാവൻകൂർ റബർ ആൻഡ് ടീ കമ്പനി, ട്രാവൻകൂർ ടീ എസ്റ്റേറ്റ് കമ്പനി, വുഡ്ലാൻറ് ടീ എസ്റ്റേറ്റ് കമ്പനി, ശ്രീവർധൻ ട്രസ്റ്റ്, പെനിൻസുലാർ പ്ളാൻേറഷൻ കമ്പനി എന്നീ കമ്പനികൾ 1963ലെ കെ.എൽ.ആർ നിയമപ്രകാരമുള്ള വ്യവസ്ഥകൾ ലംഘിച്ച് 30,000 ഏക്കറും മുഹമ്മദലി എന്നയാൾ 50,000 ഏക്കറും അനധികൃതമായി കൈവശം വെച്ചതായും വിജിലൻസ് അന്വേഷണത്തിൽ കണ്ടെത്തിയിട്ടുണ്ട്. കേസുകളും വസ്തുതകളും മറച്ചുവെച്ച് കൊല്ലം ജില്ലയിൽ തെന്മല, ആര്യങ്കാവ് വില്ലേജുകളിലെ അമ്പനാട്ട് എസ്റ്റേറ്റിലേതുൾപ്പെടെ 2699.96 ഏക്കർ ഹാരിസൺ വിറ്റിട്ടുണ്ട്. ഇതിനുപുറമെ തെന്മല എസ്റ്റേറ്റിലെ 206.50 ഏക്കർ, ആര്യങ്കാവിലെ 707.11 ഏക്കർ, കോട്ടയം എരുമേലി തെക്ക് മണിമല വില്ലേജിലെ ചെറുവള്ളി എസ്റ്റേറ്റിലെ 2259.59 ഏക്കർ, ഇടുക്കി കൊക്കയാറിലെ ബൊയ്സ് ആൻഡ് പെരുവന്താനം എസ്റ്റേറ്റിലെ 1666.04 ഏക്കർ, ഇടുക്കി ശാന്തൻപാറയിലെ ഗൂഡംപാറ എസ്റ്റേറ്റിലെ 592.83 ഏക്കർ, വയനാട് തൃക്കൈപ്പറ്റ വില്ളേജിലെ 403 ഏക്കർ എന്നിവയും വ്യാജരേഖ ചമച്ച് മറിച്ചുവിറ്റു.

സംഭവവുമായി ബന്ധപ്പെട്ട് രജിസ്ട്രേഷൻ വകുപ്പിലെ നാല് ഉദ്യോഗസ്ഥരും ഹാരിസൺ കമ്പനിയിലെ നാല് പ്രതിനിധികളും ഉൾപ്പെടെ എട്ട് പേർക്കെതിരെ അഴിമതി നിരോധന നിയമപ്രകാരം വിജിലൻസ് കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. 1957ലെ ഭൂസംരക്ഷണ നിയമപ്രകാരം ഹാരിസൺസ് മലയാളം ലിമിറ്റഡ് അനധികൃതമായി കൈവശം വെച്ചിരിക്കുന്നതായി കണ്ടെത്തിയ 41,000 ഏക്കർ തിരിച്ചുപിടിക്കാനുള്ള നടപടികൾക്കും ശിപാർശ ചെയ്തതായി പി.ടി.എ. റഹീം, വി. ശിവൻകുട്ടി, ബി.ഡി. ദേവസി, പി. ഐഷാപോറ്റി എന്നിവരെ മന്ത്രി അറിയിച്ചു.

ഹാരിസൺസ് കമ്പനി അനധികൃതമായി കൈവശം വെച്ചിട്ടുള്ള ഭൂമി തിരിച്ചെടുക്കണമെന്ന നിലപാടാണ് സർക്കാറിനുള്ളതെന്ന് ടി.എൻ. പ്രതാപൻെറ ശ്രദ്ധക്ഷണിക്കലിന് മറുപടിയായും മന്ത്രി അറിയിച്ചു. അനധികൃതമായി ഭൂമി കൈവശംവെച്ച് ധിക്കാരംകാട്ടുന്ന ആർക്കെതിരെയും നടപടിയെടുക്കാൻ സർക്കാർ പ്രതിജ്ഞാബദ്ധമാണ്. അവരുടെ കൈവശമുള്ള എസ്റ്റേറ്റുകൾ പരിശോധിച്ച് സർക്കാർ ഭൂമി തിരിച്ചെടുക്കുന്നതിന് നടപടി ആരംഭിച്ചിട്ടുണ്ട്. ഒഴിപ്പിക്കാതിരിക്കാൻ കാരണം കാണിക്കണമെന്നാവശ്യപ്പെട്ട് അവർക്ക് നോട്ടീസ് നൽകിയെന്നും മന്ത്രി അറിയിച്ചു. *(മാധ്യമം, 2014 ഫെബ്രുവരി 2)*

# അവ്യക്തത മുതലെടുത്ത് ക്വാറികൾക്ക് സഹായം

**കസ്തൂരിരംഗൻ** സമിതിയുടെ നിർദ്ദേശങ്ങൾ നടപ്പാക്കുന്നത് സംബന്ധിച്ച അവ്യക്തത മുതലെടുത്ത് കാലാവധി പൂർത്തിയാക്കിയ ക്വാറികൾക്കു വീണ്ടും ലൈസൻസ് നൽകാൻ സർക്കാർ നീക്കം. അഞ്ചുജില്ലകളിൽ, സംരക്ഷിത മേഖലകളായി കണ്ടെത്തിയ സ്ഥലങ്ങളിൽ പ്രവർത്തിക്കുന്നത് 230 കരിങ്കൽ, ഗ്രാനൈറ്റ് ക്വാറികളാണ്. ഗാഡ്ഗിൽ, കസ്തൂരിരംഗൻ സമിതികളുടെ റിപ്പോർട്ടിൽ പരാമർശിച്ചിട്ടുള്ള മേഖലകളിൽ പ്രവർത്തിക്കുന്ന 45 ക്വാറികളുടെ ലൈസൻസ് നീട്ടിനൽകാനാണ് നീക്കം. 2013 ഡിസംബറിൽ കാലാവധി അവസാനിക്കുന്ന ക്വാറികളാണ് ഇവ. ഒരുവർഷത്തേക്ക് റോയൽറ്റി നൽകി ലൈസൻസ് വാങ്ങുന്ന (സി.ആർ.പി.എസ്) ക്വാറികളും പത്തുവർഷത്തിനു മുകളിലുള്ള കാലാവധിയിൽ പാട്ടത്തിനെടുക്കുന്ന ക്വാറികളും ഇതിലുണ്ട്. വർഷങ്ങളുടെ പാട്ടത്തിനെടുത്തിട്ടുള്ള ഭൂരിഭാഗം ക്വാറികളും അതീവദുർബല പ്രദേശങ്ങളിലുള്ളവയാണ്. ഇടുക്കിയിൽ ഗാഡ്ഗിൽ റിപ്പോർട്ടിൽ പരാമർശിച്ചിട്ടുള്ള സ്ഥലങ്ങളിൽ 39 ഗ്രാനൈറ്റ് ക്വാറികളുണ്ട്. അതിനെല്ലാം സി.ആർ.പി.എസ്. പ്രകാരമുള്ള ലൈസൻസാണുള്ളത്. 9-12 വർഷത്തേക്ക് പാട്ടത്തിനെടുത്തിട്ടുള്ള ഒൻപതു ഗ്രാനൈറ്റ് ക്വാറികളും ഇടുക്കിയിലെ വിവിധ താലൂക്കുകളിലായുണ്ട്. ഗാഡ്ഗിൽ, കസ്തൂരിരംഗൻ സമിതികളുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഇടുക്കിയിൽ നിർബന്ധിപ്പിച്ചു പ്രവർത്തനം നിർത്തിവയ്പ്പിച്ച മൂന്നു ക്വാറികൾ മാത്രമാണുള്ളതെന്നു മൈനിംഗ് ആൻഡ് ജിയോളജി വകുപ്പ് പറയുന്നു. ഉടുമ്പൻചോല താലൂക്കിലെ പാമ്പാടുംപാറ, കട്ടപ്പന, ശാന്തൻപാറ പഞ്ചായത്തുകളിൽ പ്രവർത്തിച്ചിരുന്ന ഗ്രാനൈറ്റ് ക്വാറികളുടെ പ്രവർത്തനങ്ങളാണു നിർത്തിവച്ചത്. 2014 ജനുവരി, ഫെബ്രുവരി, മാർച്ച് മാസങ്ങളിലായി 13 ക്വാറികളുടെ ലൈസൻസ് (സി.ആർ.പി.എസ്) അവസാനിക്കും.

വയനാട് സംരക്ഷിത മേഖലയിൽ 46 കരിങ്കൽ ക്വാറികളും അഞ്ചു ഗ്രാനൈറ്റ് ക്വാറികളും മൂന്നു മണൽ ഖനന പ്രദേശങ്ങളും ഒരു കളിമൺ ഖനന പ്രദേശവുമുണ്ട്. ലൈസൻസ് കാലാവധി കഴിയുന്ന 19 കരിങ്കൽ ക്വാറികളും പുതിയ ലൈസൻസിനായി ഊർജിതശ്രമം തുടങ്ങി. പാലക്കാട് 46 (കരിങ്കൽ, വെട്ടുകല്ല്) ക്വാറികളുണ്ട്. പത്തനംതിട്ട ജില്ലയിൽ 14 ക്വാറികളുള്ളതിൽ ആറെണ്ണത്തിന്റെ കാലാവധി ഈ മാസം അവസാനിക്കും. കോഴിക്കോട് ജില്ലയിൽ കോഴിക്കോട് താലൂക്ക്, കൊയിലാണ്ടി, വടകര താലൂക്കുകളിലായി 55 ക്വാറികൾ പ്രവർത്തിക്കുന്നുണ്ട്. ഈ മാസം കാലാവധി അവസാനിക്കുന്ന 12 ക്വാറികളാണു കോഴിക്കോട്ടുള്ളത്. റവന്യൂവകുപ്പിന്റെയും ജിയോളജി വകുപ്പിന്റെയും പക്കൽ സ്ഥലത്തിന്റെ സർവേ നമ്പരുകളില്ലാത്ത 14 ക്വാറികളും കോഴിക്കോട്ടുണ്ട്. പരിസ്ഥിതി വകുപ്പിന്റെയും മലിനീകരണ നിയന്ത്രണ ബോർഡിന്റെയും ജില്ലാ ഭരണകൂടത്തിന്റെയും അനുമതി കാണിച്ചാൽ ഉടൻ തന്നെ ക്വാറി ലൈസൻസ് അനുവദിക്കാറുണ്ട്. *(മംഗളം)*